"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - 15.10.2023-ന് ശേഷം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നികത്തപ്പെടാത്ത/ അഡ്മിഷനെടുത്ത വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നതു മൂലമുണ്ടാകുന്ന ബി.എസ്.സി. (നേഴ്സിംഗ്) സർക്കാർ മെരിറ്റ് സീറ്റുകൾ നികത്തുന്നതിന് സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.2768/2023/H&FWD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:-

1. 05.10.2023ൽ പ്രൈവറ്റ് നേഴ്സിംഗ് കോളേജ് മാനേജ്മെന്റ് അസ്സോസിയേഷൻ ഓഫ് കേരള ഭാരവാഹികൾ സമർപ്പിച്ച നിവേദനം.
2. 07.10.2023ൽ അസ്സോസിയേഷൻ ഓഫ് ദ മാനേജ്മെന്റ്സ് ഓഫ് ക്രിസ്ത്യൻ സെൽഫ് ഫിനാൻസിംഗ് നേഴ്സിംഗ് കോളേജസ് ഓഫ് കേരള പ്രസിഡന്റ് സമർപ്പിച്ച നിവേദനം.
3. സർക്കാർ കത്ത് നം. സി3/719/2023/ആ.കു.വ തീയതി 07/10/2023
4. എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടറുടെ 16.10.2023-ലെ ബി9/3240/2023 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 അധ്യയന വർഷത്തെ ബി.എസ്.സി. (നേഴ്സിംഗ്) അഡ്മിഷൻ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.09.2023- ൽ ചേർന്ന യോഗത്തിൽ '31.10.2023- ൽ അഡ്മിഷൻ അവസാനിക്കുന്നത് കണക്കിലെടുത്തും, സീറ്റുകൾ നികത്തപ്പെടാതെ ശേഷിക്കുന്ന അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനും 15.10.2023-ന് ശേഷം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നികത്തപ്പെടാത്ത/ അഡ്മിഷനെടുത്ത വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നതു മൂലമുണ്ടാകുന്ന സർക്കാർ മെരിറ്റ് സീറ്റുകൾ നികത്തുന്നതിന് മാനേജ്മെന്റുകൾക്ക് അനുമതി നൽകുമെന്ന തീരുമാനം കൈക്കൊണ്ടിരുന്നു'. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകൾ ഒന്നുംപോലും നഷ്ടപ്പെടാത്ത രീതിയിൽ 15.10.2023- നകം യുദ്ധകാലാടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്താൻ എൽ.ബി.എസ് ഡയറക്ടർക്ക് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് എൽ.ബി.എസ്. അവസാനിപ്പിച്ചതിനു ശേഷം ഉണ്ടായ ഒഴിവുകൾ മാനേജ്മെന്റുകൾക്ക് വിട്ടു നൽകി ഉത്തരവ് പുറപ്പെടുവിക്കണം എന്ന് പ്രൈവറ്റ് നേഴ്സിംഗ് കോളേജ് മാനേജ്മെന്റുകൾ പരാമർശം 1, 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 അധ്യയന വർഷത്തെ

ബി.എസ്.സി. (നേഴ്സിംഗ്) അഡ്മിഷനായി 01.06.2023- ൽ പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുകയും അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിക്കുകയുമുണ്ടായി. ഈ വർഷം സ്വകാര്യ / സ്വാശ്രയ കോളേജുകളിൽ ആദ്യ വർഷ അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക്, സർക്കാർ നേഴ്സിംഗ് കോളേജുകളിലെ ഒഴിഞ്ഞു കിടക്കുന്ന ബി.എസ്.സി. നേഴ്സിംഗ് സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം സ്വകാര്യ / സ്വാശ്രയ കോളേജുകളുടെ നിരാക്ഷേപ പത്രം (NOC) ആവശ്യമില്ലെന്ന വ്യവസ്ഥയോടെ, 15.10.2023- ന് മുൻപ് സീറ്റ് മെട്രിക്സിൽ ഉൾപ്പെട്ട സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് എൽ.ബി.എസ് അവസാനിപ്പിച്ചതിനു ശേഷം ഉണ്ടായ ഒഴിവുകൾ നികത്തുന്നതിന് സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നേഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല. തൃശ്ശൂർ.
പ്രസിഡന്റ്/സെക്രട്ടറി, പ്രൈവറ്റ് നേഴ്സിംഗ് കോളേജ് മാനേജ്മെന്റ് അസ്സോസിയേഷൻ കേരള.
പ്രസിഡന്റ്, അസ്സോസിയേഷൻ ഓഫ് ദ മാനേജ്മെന്റ്സ് ഓഫ് ക്രിസ്ത്യൻ സെൽഫ് ഫിനാൻസിംഗ് നേഴ്സിംഗ് കോളേജസ് ഓഫ് കേരള.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 21-10-2023 20:37:34
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രിയുടെ അറിവിനായി നൽകുന്നു.